**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3170** — **07.02.2018-ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയ ഗ്രാന്റ് ഇൻ എയ്ഡ്**

**ചോദ്യം**
ശ്രീ. കെ.സി. ജോസഫ്

**ഉത്തരം**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 2017-18-ൽ അനുവദിച്ച് നൽകിയ ഗ്രാന്റ് ഇൻ എയ്ഡ് എത്ര രൂപയാണ്; | (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2017-18 സാമ്പത്തിക വർഷം ഗ്രാന്റ് ഇൻ എയ്ഡ് ഇനത്തിൽ 90.64 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത തുക 500 ലക്ഷമായി ഉയർത്തുമോ;<br>(സി) വിവിധ ദുർബല വിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ഭവന പദ്ധതികളിലൂടെ ബോർഡിനുണ്ടായ റവന്യൂ കമ്മി നികത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ദുർബല വിഭാഗക്കാർക്ക് നടപ്പിലാക്കിയ വിവിധ പദ്ധതികൾ മൂലം ബോർഡിനുണ്ടായ റവന്യൂ കമ്മി നികത്തുന്നതിന് വർക്കിംഗ് ക്യാപ്പിറ്റലായി 5000 ലക്ഷം രൂപ അനുവദിക്കണമെന്നും, ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 109.36 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് 2017-18 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ സമർപ്പിക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് പ്രൊപ്പോസലുകൾ ലഭ്യമാക്കിയിരുന്നു. എന്നാൽ 2018 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ ഭവനനിർമ്മാണ ബോർഡിന് ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2018-19 വർഷത്തെ ബജറ്റിൽ ഗ്രാന്റ് ഇൻ എയ്ഡ് ഇനത്തിൽ 95.17 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ